**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - ശ്രീരാഗം സംഗീത സാംസ്കാരിക സമിതിക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**160/2026/CLAD** തീയതി,തിരുവനന്തപുരം, **23-02-2026**

---

പരാമർശം:-
1. സ.ഉ (സാധാ) നം.**391/2025**/സാം.കാ.വ തീയതി **15.07.2025**
2. ശ്രീരാഗം സംഗീത സാംസ്കാരിക സമിതി സെക്രട്ടറിയുടെ **30.07.2025**-ലെ കത്ത്.

**<u>ഉത്തരവ്</u>**

കർണ്ണാടക സംഗീതത്തിൽ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ കർണ്ണാടക സംഗീത ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനായി രൂപീകൃതമായ ശ്രീരാഗം സംഗീത സാംസ്കാരിക സമിതിക്ക് ധനസഹായം നൽകണമെന്നാവശ്യപ്പെട്ട് സമിതി സെക്രട്ടറി പരാമർശം **(2)** പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കർണ്ണാടക സംഗീത ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനായി രൂപീകൃതമായ ശ്രീരാഗം സംഗീത സാംസ്കാരിക സമിതിക്ക്, പരാമർശം **(1)** പ്രകാരം **2025-26** സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുവദിച്ചിട്ടുള്ള 'ജില്ലാ കൾച്ചറൽ പ്രൊമോഷൻ കൗൺസിൽ രൂപീകരണം- സാംസ്കാരിക പ്രോത്സഹാന പരിപാടികളും **(2205-00-102-47-Plan)'** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് **3,00,000/-** രൂപ (മൂന്ന് ലക്ഷം രൂപാ മാത്രം) ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്ന തുകയുടെ ശരിയായ വിനിയോഗം ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും പരിശോധിച്ച് സാംസ്കാരിക വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

2. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള പ്ലാൻ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും ശ്രീരാഗം സംഗീത സാംസ്കാരിക സമിതി സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സർക്കാരിനും, പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ), സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും ശ്രീരാഗം സംഗീത സാംസ്കാരിക സമിതി സെക്രട്ടറി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**RAJANI M**
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ശ്രീരാഗം സംഗീത സാംസ്കാരിക സമിതി, ശ്രീ അഞ്ജനേയ, റ്റി.എസ്.ജി.ആർ.എ-157, തൈക്കാട്.പി.ഒ-695 014.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻ്റ് ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് തിരുവനന്തപുരം
ധനകാര്യ വിദ്യാഭ്യാസ(ഡി) വകുപ്പ്
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (സി2/165/2025/സാം.കാ.വ )

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 23-02-2026 11:53:42

സെക്ഷൻ ഓഫീസർ

പകർപ്പ്: സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്

സാംസ്കാരിക വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ